# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2242 — 06.10.2016 -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA)

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. രാജൻ<br>ശ്രീമതി. സി.കെ. ആശ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ (RUSA) നടപ്പാക്കുന്നതിലെ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) | 22.01.2014 ലെ സർക്കാർ ഉത്തരവ് നം. 41/2014 ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രകാരമാണ് സംസ്ഥാന ഗവൺമെന്റ് RUSA പദ്ധതിയുടെ ഭാഗമായത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം ഉണ്ടാക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, ഗവേഷണ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിലൂടെ സമയബന്ധിതമായി RUSA പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) | RUSA പദ്ധതി നടപ്പാക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റം നേടിയെടുക്കാനാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. RUSAയുടെ 18 ഘടകഭാഗങ്ങളിലായി വിവിധ പദ്ധതികൾ എം എച്ച് ആർ ഡി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുക വഴി ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (ജി ഇ ആർ)19.4% ത്തിൽ നിന്നും 32% ത്തിലേക്ക് ഉയർത്തുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതിക്കും RUSA പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു ണ്ടോ? | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതിക്കും RUSA പദ്ധതി വഴി അക്രഡിറ്റേഷൻ ലഭിക്കുന്ന ഒരു സർക്കാർ കോളേജിനു 2 കോടി രൂപയും, യൂണിവേഴ്സിറ്റിക്ക് 20 കോടി രൂപയും നൽകിവരുന്നു. ഇതുവരെ റൂസ പദ്ധതി പ്രകാരം കേരള സംസ്ഥാനത്തിന് 128 കോടി രൂപ അനുവദിച്ചിട്ടു്. ഇതു റൂസയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ഉപയോഗിക്കുക വഴി, വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പുരോഗതിക്ക് ഉതകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**